പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 396 — 11.06.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിലെ എ.സി. വാഹനങ്ങളുടെ സർവ്വീസിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിലെ എ.സി സംവിധാമമുള്ള പാസഞ്ചർ/ഇതര വാഹനങ്ങളുടെ സർവ്വീസിംഗിന്റെ രീതി എന്താണ്; | (എ) | കെ.എസ്.ആർ.ടി.സി.യിലെ പാസഞ്ചർ വാഹനങ്ങളിൽ A/C സംവിധാനമുള്ളത് JnNURM പദ്ധതിയിൽ വാങ്ങിയ 80 Volvo ബസുകൾ ഉൾപ്പടെ 83 Volvo ബസുകൾക്കാണ്. ഇതിന്റെ സർവ്വീസിംഗ് ഈ A/C നിർമ്മിച്ച Eber spaecher (മുമ്പ് Carrier) കമ്പനിയും അവരുടെ അംഗീകൃത വിതരണക്കാരുമാണ് നിർവ്വഹിക്കുന്നത്. പാസഞ്ചർ ഇതര വാഹനങ്ങളിൽ അതാത് വാഹന നിർമാതാക്കളുടെ ഡീലർമാരോ മറ്റു A/C റിപ്പയർ ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചോ ആണ് സർവീസിംഗ് നടത്തുന്നത്. |
| (ബി) | ജെ.എൻ.യു.ആർ.എം. ബസുകൾക്ക് അവയുടെ കമ്പനിയുമായി സർവ്വീസിംഗിന് ധാരണയിലായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | JnNURM പദ്ധതിയിൽ വാങ്ങിയ 80 Volvo ബസുകളുടെ റിപ്പയറും സർവ്വീസിംഗ് നടത്തുന്നതിനു കമ്പനിയുടെ ഡീലറായ Vista Driveline എന്ന സ്ഥാപനവുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം എറണാകുളത്ത് രണ്ടു പേരെയും തിരുവനന്തപുരത്ത് ഒരാളേയും പ്രസ്തുത കമ്പിനി നിയോഗിച്ച് അവരുടെ മേൽനോട്ടത്തിൽ കെ.എസ്.ആർ.ടി.സി.യുടെ മെക്കാനിക്കുകളാണ് ടി ജോലികൾ നിർവ്വഹിക്കുന്നത്. ഈ വാഹനങ്ങളുടെ |

| | | | |
|---|---|---|---|
| | | | മേജർ റിപ്പയറുകൾ പ്രസ്തുത സ്ഥാപനത്തിൽ അയച്ചാണ് പരിഹരിച്ചുവരുന്നത്. ഇതു പ്രകാരം പ്രസ്തുത സ്ഥാപനത്തിനു 1,01,124/- രൂപ പ്രതിമാസം കെ.എസ്.ആർ.ടി.സി നൽകുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.യിലുള്ള പൊതു സർവ്വീസിനുള്ളതല്ലാത്ത വാഹനങ്ങളിൽ A/C ഘടിപ്പിച്ചിട്ടുള്ളവയുടെ എണ്ണവും സർവ്വീസിംഗ് രീതിയും വിശദീകരിക്കുമോ; | (സി) | പൊതു സർവ്വീനുള്ളതല്ലാത്ത പത്ത് സ്റ്റാഫ് വാഹനങ്ങളിൽ A/C ഘടിപ്പിച്ചിട്ടുണ്ട്. അവയും കമ്പനികളിലാണ് സർവ്വീസിംഗ് നടത്തുന്നത്. |
| (ഡി) | പ്രസ്തുത സർവ്വീസിംഗിന് ഓപ്പൺ ടെണ്ടർ ക്ഷണിക്കുകയോ സർക്കാരിന്റേതായ വർക്ക്ഷോപ്പുകളിൽ റിപ്പയർ ചെയ്യുകയോ ചെയ്യുന്നതിനു പകരം സ്വകാര്യ വർക്ക്ഷോപ്പുകളിൽ റിപ്പയർ ചെയ്യുന്നതിനു ഉള്ള കാരണം വ്യക്തമാക്കുമോ? | (ഡി) | ക്വട്ടേഷനുകൾ ക്ഷണിച്ചാണ് പ്രസ്തുത റിപ്പയർ വർക്കുകൾ ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ